**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 571** **08-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ കെ.എസ്.എഫ്.ഇ ശാഖകൾ ഇല്ലാത്ത പ്രദേശങ്ങളിലാണ് പുതിയ ശാഖകൾ തുടങ്ങുന്നതിന് പ്രഥമ പരിഗണന നൽകിവരുന്നത്. ഇത്തരം ശാഖകൾ ആരംഭിക്കുമ്പോൾ ആ പ്രദേശത്തെ ബിസിനസ്സ് സാധ്യതയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ /പൊതു മേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സാന്നിദ്ധ്യവും പൊതുജനതാല്പര്യവും കൂടി പരിഗണിക്കാറുണ്ട്. മാത്രമല്ല അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യതയും കണക്കാക്കാറുണ്ട്. |
| (ബി) | പുതിയ ബ്രാഞ്ച് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | പുതിയ ശാഖകൾ ആരംഭിക്കുവാൻ അനുയോജ്യമായ പ്രദേശത്തെക്കുറിച്ച് മേഖലാ ഓഫീസുകളോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതനുസരിച്ച് ശാഖകൾ തുടങ്ങാൻ അനുയോജ്യമായ സ്ഥലങ്ങളെക്കുറിച്ച് വിശദമായ ഫീസിബിലിറ്റി റിപ്പോർട്ട് മേഖലാ ഓഫീസുകൾ ലഭ്യമാക്കുന്നു. ടി റിപ്പോർട്ട് വിശദമായി പരിശോധിച്ച ശേഷം ശാഖകൾ തുടങ്ങാൻ അനുയോജ്യമായ പ്രദേശങ്ങളുടെ ലിസ്റ്റ് ബജറ്റ് രേഖയിൽ ഉൾപ്പെടുത്തി സർക്കാർ അംഗീകാരം നല്കുന്ന മുറയ്ക്കാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ